## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2582 — 10.12.2014-ൽ മറുപടിക്ക്

### ആരോഗ്യ കേരളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കോട്ടയം ജില്ലയിൽ വച്ച് 2009 മാർച്ച് മാസം നടത്തിയ ആരോഗ്യ കേരളം പരിപാടിയുടെ ഭാഗമായ ത്രിദിന പരിശീലന ക്യാമ്പിൽ പങ്കെടുത്ത നൂറുക്കണക്കിന് ജീവനക്കാർക്ക് നാളിതുവരെ അനുവദനീയ ബത്ത നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത ജീവനക്കാരോട് ബത്ത പിന്നീട് നൽകിക്കൊള്ളാം എന്നറിയിച്ച് നടത്തിപ്പുകാർ രജിസ്റ്ററിൽ തുക കൈപ്പറ്റിയതായി ഒപ്പുവയ്പ്പിച്ചതിൻമേൽ എന്തെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ; | (ബി) 2009 -ൽ നടന്ന ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എച്ച്.എം.ഐ.എസ്) പ്രസ്തുത ട്രെയിനിംഗ് നടത്തിയത് HISP INDIA -യാണ്. ആയതിനാൽ ട്രെയിനിംഗിൽ ജീവനക്കാരുടെ രേഖകളും വൗച്ചറുകളും വാങ്ങി സൂക്ഷിച്ചത് HISP INDIA യിലെ ജീവനക്കാരാണ്. ആയതിനാൽ എൻ.എച്ച്.എം. ഫണ്ടിൽ നിന്ന് തുക ഇനി നൽകേണ്ടതില്ലെന്ന് 24.04.2013 -ൽ ചേർന്ന കോട്ടയം ജില്ലാ നിർവ്വാഹക സമിതി യോഗം തീരുമാനിച്ചു. ജില്ലകളിലെ എൻ.എച്ച്.എം. ഫണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ജില്ലാ നിർവ്വാഹക സമിതിക്കാണ്. |
| (സി) ലക്ഷക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തിയതായി സംശയിക്കപ്പെടുന്ന ഈ വിഷയം ഇതിനകം മൂന്ന് തവണ ഉന്നയിച്ചിട്ടും നടപടി കൈക്കൊള്ളാത്തതിന്റെ കാരണം വിശദമാക്കുമോ ; | (സി) കോട്ടയം ജില്ലാ നിർവ്വാഹക സമിതി ഇതിനെക്കുറിച്ച് പരിശോധിച്ച് തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ അനന്തര നടപടികൾ ആവശ്യമില്ല. |
| (ഡി) ഈ വിഷയത്തിൻമേൽ സമയബന്ധിതമായി അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ